(ബി&സി) കനോലി കനാൽ ടൂറിസം സർക്യൂട്ട് സംബന്ധിച്ച പ്രാഥമിക റിപ്പോർട്ട് ജില്ലാ കളക്ടർക്ക് ലഭിച്ചിട്ടുണ്ടെങ്കിലും നിലവിൽ ജലസേചന വകുപ്പ് കനോലി കനാലിൽ നടപ്പാക്കിവരുന്ന പ്രവർത്തനങ്ങൾ പൂർത്തിയായതിനുശേഷം മാത്രമേ ടൂറിസം സർക്യൂട്ടായി മാറ്റുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കാൻ സാധിക്കുകയുള്ളൂ. റിപ്പോർട്ടുകളുടെ അംഗീകാരത്തിനും തുകയുടെ ലഭ്യതയ്ക്കുമനുസരിച്ച് പദ്ധതി നടപ്പിലാക്കാവുന്നതാണ്.

ബൈ ട്രാൻസ്ഫർ നിയമനം

68 (4402) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ വകുപ്പുകളിൽനിന്നും ബൈട്രാൻസ്ഫർ മുഖേന ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ തസ്തികയിലേക്ക് പി.എസ്.സി. 2010-ൽ അപേക്ഷ ക്ഷണിച്ചതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തസ്തികയിലേക്ക് ബൈ ട്രാൻസ്ഫർ മുഖേന നിയമനം നടത്തുന്നതിലുള്ള കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ തസ്തികയിലേക്ക് നിയമനത്തിനായി ഒരു ഓൺലൈൻ പരീക്ഷ നടത്തുന്നതിലേക്കുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) പ്രസ്തുത തസ്തികയിലേക്ക് ഉദ്യോഗാർത്ഥികൾ സമർപ്പിച്ച പരിചയ സർട്ടിഫിക്കറ്റ് പരിശോധിച്ചതിൽ ന്യൂനത കണ്ടെത്തുകയും തുടർന്ന് അവ പരിഹരിക്കുന്നതിന് തുടർ നടപടികൾ കൈക്കൊള്ളുകയും ചെയ്യേണ്ടി വന്നതിനാലാണ് കാലതാമസമുണ്ടായത്.

മുളവുകാട് സർവ്വീസ് റോഡ്

69 (4403) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുളവുകാട് സർവ്വീസ് റോഡ് പ്രവൃത്തികൾ ആരംഭിക്കുന്നതിലെ കാലതാമസം എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത വിഷയത്തിൽ ജനപ്രതിനിധികളും, പ്രദേശവാസികളും, NHAI ഉദ്യോഗസ്ഥർ എന്നിവരും ജില്ലാഭരണകൂടവുമായി നടത്തിയ ചർച്ചയിലെ തീരുമാനങ്ങൾ വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മുളവുകാട് സർവ്വീസ് റോഡ് നിർമ്മാണം ദേശീയപാതാ വികസന അതോറിറ്റി (NHAI) മുഖാന്തരം നടപ്പിലാക്കുന്നതിനായി NHAI-യുടെ ഡൽഹി ആഫീസുമായി ബന്ധപ്പെട്ട് കൊച്ചി പ്രോജക്ട് ഡയറക്ടർ നടപടി സ്വീകരിക്കുകയുണ്ടായി. എന്നാൽ നിലവിലുള്ള കരാറുകാരൻ പ്രധാന റോഡിന്റെ 99% പ്രവൃത്തിയും പൂർത്തിയാക്കിയതിനാലും ടിയാന്റെ 'Defect Liability Period'-ന്റെ കാലാവധിക്കുള്ളിൽ അറ്റകുറ്റപ്പണികൾ മാത്രമേ നടപ്പിലാക്കുവാൻ സാധിക്കുകയുള്ളുവെന്നതിനാലും അധിക പ്രവൃത്തിയായ സർവ്വീസ് റോഡിന്റെ നിർമ്മാണം നിലവിലുള്ള കരാറുകാരനെ ഏൽപിക്കാൻ സാധിക്കുകയില്ല എന്ന് പ്രസ്തുത ഓഫീസ് അറിയിച്ചു. മേൽ സാഹചര്യത്തിൽ മുളവുകാട് സർവ്വീസ് റോഡിന്റെ നിർമ്മാണം NHAI-യുടെ ചെലവിൽ സംസ്ഥാന ഗവൺമെന്റിന്റെ ഏതെങ്കിലും ഏജൻസി മുഖാന്തരം നടപ്പിലാക്കുന്നതിന് നിർദ്ദേശിച്ചു. ഇപ്രകാരം പ്രവൃത്തി നടപ്പിലാക്കുന്നതിന് കേരള സർക്കാരിന്റെ സമ്മതപത്രം ലഭ്യമാക്കിയാൽ ഈ പ്രവൃത്തിക്ക് NHAI-ൽ നിന്ന് ഭരണാനുമതി ലഭിക്കുന്നതാണ്. ഇതിനാവശ്യമായ തുടർ നടപടി സ്വീകരിക്കുന്നതിന് NHAI-യുടെ കൊച്ചി പ്രോജക്ട് ഡയറക്ടർ 1-5-2015-ലെ കത്തു മുഖേന എറണാകുളം ജില്ലാ കളക്ടറോട് നിർദ്ദേശിക്കുകയുണ്ടായി. ഈ വിഷയത്തിൽ ജില്ലാ കളക്ടർ തുടർ നടപടി സ്വീകരിച്ചുവരുന്നു.

(ബി) 13-3-2015-ൽ കൂടിയ യോഗത്തിൽ താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയുണ്ടായി :

1. കണ്ടെയ്നർ റോഡിന്റെ മുളവുകാട് ഭാഗത്ത് ചെളിയും മാലിന്യങ്ങളും നിറഞ്ഞ് പ്രവർത്തനരഹിതമായി സ്ഥിതി ചെയ്യുന്ന കൾവർട്ടുകളുടെ ശുചീകരണം, റോഡ് നിർമ്മാണം പൂർത്തിയാക്കി മെയിന്റനൻസ് ഏജൻസിയെ നിയമിക്കുന്നതുവരെ, സാങ്കേതിക തടസ്സമില്ലെങ്കിൽ റോഡ് കോൺട്രാക്ടർ മുഖേന ചെയ്യിക്കുന്നതിനും ഇക്കാര്യത്തിൽ മുളവുകാട് പഞ്ചായത്ത് പ്രസിഡന്റും NHAI ഡെപ്യൂട്ടി മാനേജരും സംയുക്ത പരിശോധന നടത്തുന്നതിനും തീരുമാനിച്ചു.

2. കണ്ടെയ്നർ റോഡിലെ അനധികൃത പാർക്കിംഗ്മൂലം വളരെയധികം അപകടങ്ങൾ ഉണ്ടാകുന്നുണ്ടെന്നും ഇക്കാര്യത്തിൽ ശാശ്വത പരിഹാരം ഉണ്ടാക്കണമെന്ന ആവശ്യം പരിഗണിച്ച് ഒരു യോഗം കൂടി. വിളിക്കുന്നതിനും ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി.

3. ടോൾ പ്ലാസയുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനായി ഉപരോധ സമരം തൽക്കാലത്തേക്ക് നിർത്തി വെയ്ക്കുന്നതിന് മുളവുകാട് സംരക്ഷണ സമിതി പ്രതിനിധികളോട് ബഹുമാനപ്പെട്ട എം.എൽ.എ. അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണം പുനരാരംഭിക്കുന്നതിന് തീരുമാനിച്ചു.

(സി) 1. റോഡ് പണിയുടെ കരാറുകാരനെക്കൊണ്ട് കൾവെർട്ടുകളുടെ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

2. ടോൾ പ്ലാസ നിർമ്മാണത്തിന്റെ തടസ്സപ്പെട്ട ജോലികൾ പുനരാരംഭിച്ചിട്ടുണ്ട്.

3. അനധികൃത പാർക്കിംഗ് ഒഴിവാക്കുന്നതിന് വല്ലാർപാടം പാലത്തിനു സമീപമുള്ള പാർക്കിംഗ് സ്ഥലത്ത് കണ്ടെയ്നർ ലോറി പാർക്ക് ചെയ്യുന്നതിനുള്ള നടപടി കൊച്ചിൻ പോർട്ട് ട്രസ്റ്റാണ് സ്വീകരിക്കേണ്ടത്. ഇതിനുള്ള പ്രാരംഭ നടപടികൾ ജില്ലാ കളക്ടർ സ്വീകരിച്ചിട്ടുണ്ട്.

പൊതുമേഖലാ ബാങ്കുകളുടെ നിക്ഷേപാനുപാതം

70 (T* 4404) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ ബാങ്കുകളുടെ സംസ്ഥാനത്തെ നിക്ഷേപാനുപാതം സംബന്ധിച്ച കഴിഞ്ഞ 5 വർഷത്തെ കണക്കുകൾ ലഭ്യമാക്കാമോ ; കേരളത്തിന്റെ വായ്പാ നിക്ഷേപ അനുപാതം അഖിലേന്ത്യാ ശരാശരിയേക്കാൾ കൂടുതലാണോ ; എങ്കിൽ എത്രയാണെന്ന് വിശദമാക്കാമോ ; ബാങ്ക് വായ്പകൾക്ക് മതിയായ ചോദനം ഇല്ലാതായിരിക്കുന്നതിന്റെ കാരണം വെളിപ്പെടുത്താമോ ;

(ബി) പ്രവാസി നിക്ഷേപം എത്രയാണെന്ന് ഏറ്റവും ഒടുവിലത്തെ കണക്കുകളെ ആധാരമാക്കി വിശദമാക്കാമോ ?

ഉത്തരം

(എ) കഴിഞ്ഞ അഞ്ച് വർഷത്തെ വാണിജ്യ ബാങ്കുകളുടെ വായ്പാനിക്ഷേപ അനുപാതം ഇപ്രകാരമാണ്:

As on	CD Ratio
March 2010	67.63
March 2011	75.50
March 2012	75.57
March 2013	76.41
March 2014	68.66
March 2015	68.37

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly